**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 38** **05-10-2021 - ൽ മറുപടിയ്ക്ക്**

**കലാകാരൻമാർക്കായി സഹകരണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കലാകാരൻമാർക്കായി സഹകരണ സംഘം രൂപീകരിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിലെ തുടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കലാകാരൻമാർക്കായി സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കലയുമായി ബന്ധപ്പെട്ട ഏതൊക്കെ മേഖലകളെയാണ് പ്രസ്തുത സഹകരണ സംഘത്തിൽ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നതെന്നും എല്ലാ വിഭാഗം കലാകാരൻമാർക്കുമായി ഒരു സഹകരണ സംഘമാണോ വിഭാവനം ചെയ്യുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | സംഗീതം, നാടകം, പ്രകടനകലകൾ, ചിത്രരചന എന്നിവ ഉൾപ്പെടെ എല്ലാ കലാകാരൻമാരുടെയും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ട് ടി കലാകാരൻമാർക്ക് സ്ഥിരം വേദി ഒരുക്കിക്കൊടുക്കുക എന്ന ഉദ്ദേശത്തോടെ ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | കലാകാരൻമാരുടെ സർഗ്ഗസൃഷ്ടികളുടെ വിപണനം പ്രസ്തുത സംഘത്തിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തുമോ; | (സി) | കലാകാരൻമാരുടെ സർഗ്ഗസൃഷ്ടികൾ അവതരിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും സഹകരണമേഖലയുടെ വിശാലമായ സാധ്യതകൾ ഉപയോഗപ്പെടുത്തി സ്ഥിരം വേദി കണ്ടെത്തുന്നത് സംഘത്തിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്. |
| (ഡി) | കലാകാരൻമാർക്കായുള്ള സഹകരണ സംഘത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | കലാകാരൻമാർക്കായുള്ള സഹകരണ സംഘത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിദഗ്ധസമിതിയെ നിയോഗിക്കാൻ നിലവിൽ ഉദ്ദേശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ